പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 278 — 03.02.2020-ൽ മറുപടിക്ക്

## മഞ്ചേരിയിൽ ജനറൽ ആശുപത്രി ആരംഭിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മഞ്ചേരിയിൽ ജനറൽ ആശുപത്രി ആരംഭിക്കണമെന്ന മുൻ സർക്കാരിന്റെ തീരുമാനം മാറ്റാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ; | (എ), (സി) & (ഡി) | ചെരണിയിൽ പുതുതായി തുടങ്ങാൻ നിർദ്ദേശിച്ച ജനറൽ ആശുപത്രി മഞ്ചേരി മെഡിക്കൽ കോളേജിൽ നിന്നും 5 കിലോമീറ്റർ താഴെയും, അതോടൊപ്പം മഞ്ചേരി മെഡിക്കൽ കോളേജിൽ ലഭ്യമാകുന്നത് ജനറൽ ആശുപത്രിയോക്കാൾ മികച്ച സേവനമാണെന്നുമുള്ളതിനാലാണ് പുതുതായി ഇതേ സൗകര്യമുള്ള ആശുപത്രി ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാതിരുന്നത്. |
| (സി) | ജനസംഖ്യക്ക് ആനുപാതികമായ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിലേക്കായി ചെരണിയിൽ ജനറൽ ആശുപത്രി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | | |
| (ഡി) | ജനറൽ ആശുപത്രി സ്ഥാപിക്കുന്ന കാര്യത്തിൽ നിലവിൽ ഭരണപരമായും സാങ്കേതികമായും എന്തെല്ലാം തടസ്സങ്ങളാണ് നിലനിൽക്കുന്നതെന്ന് വിശദമാക്കാമോ? | | |
| (ബി) | മഞ്ചേരി - ചെരണിയിൽ ജനറൽ ആശുപത്രിക്ക് ആവശ്യമായ സ്ഥലം ആരോഗ്യവകുപ്പിന്റെ അധീനതയിൽ ഉണ്ടെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആശുപത്രി സ്ഥാപിക്കുന്നതിനായി സാധ്യതാ പഠനം നടത്താൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | മഞ്ചേരി ചെരണിയിൽ ആരോഗ്യ വകുപ്പിന്റെ അധീനതയിൽ 5.02 ഏക്കർ സ്ഥലം ഉണ്ടായിരുന്നതിൽ നിന്നും ആരോഗ്യ വകുപ്പിന്റെ ട്രെയിനിംഗ് സെന്ററിനായി ഒരു ഏക്കർ സ്ഥലം അനുവദിക്കുകയും നേഴ്സിംഗ് വകുപ്പിന്റെ പ്രവർത്തനത്തിനായി 2.02 ഏക്കർ സ്ഥലം അനുവദിക്കുകയും കൂടാതെ ടി.ബി.സെന്റർ 30 സെന്റ് സ്ഥലത്ത് നിലവിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. കൂടാതെ സ്വകാര്യ വ്യക്തികൾ കൈയേറിയതുമായി ബന്ധപ്പെട്ട് 88 സെന്റ് സ്ഥലത്തിന് കോടതിയിൽ കേസ് നിലവിലുണ്ട്. ഈ സ്ഥലങ്ങൾ ഒഴിവാക്കി 83 സെന്റ് സ്ഥലം നിലവിലുണ്ട്. |

Hari

സെക്ഷൻ ഓഫീസർ